നം.9/2016/എസ്.ആർ.ജി/സി.സി

## സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 18.01.17– ൽ നടന്ന യോഗത്തിന്റെ നടപടി വിവരം

യോഗം രാവിലെ 11.30 ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ ആരംഭിച്ചു. ബഹു. മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

1. **വാർഷിക പദ്ധതി അവലോകനം**
   തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ 2016–17 വാർഷിക പദ്ധതി പുരോഗതി അവലോകനം ചെയ്തു. 16.01.17 വരെയുള്ള പുരോഗതി താഴെ പറയും പ്രകാരമാണ്.

**പദ്ധതി പുരോഗതി ശതമാനം**

| പദ്ധതി പുരോഗതി ശതമാനം | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം | തദ്ദേശഭരണ സ്ഥാപനങ്ങൾ | പൊതുവിഭാഗം | എസ്.സി. എസ്.പി. | റ്റി.എസ്. പി | എഫ്.സി. ഗ്രാന്റ് | ലോകബാങ്ക് വിഹിതം | ആകെ |
| 1 | ഗ്രാമപഞ്ചായത്ത് | 40.30 | 15.24 | 22.27 | 21.52 | 3.24 | 19.73 |
| 2 | ബ്ലോക്ക് പഞ്ചായതത് | 21.28 | 25.24 | 13.95 | 0.00 | 0.00 | 22.12 |
| 3 | ജില്ലാ പഞ്ചായത്ത് | 21.27 | 16.42 | 20.74 | 0.00 | 0.00 | 19.77 |
| 4 | മുനിസിപ്പാലിറ്റി | 33.02 | 13.45 | 6.45 | 13.91 | 5.85 | 17.89 |
| 5 | കോർപ്പറേഷൻ | 24.64 | 21.74 | 0.00 | 10.38 | 0.00 | 24.53 |
| ആകെ | | 31.65 | 17.43 | 19.73 | 17.42 | 3.60 | 22.38 |

| ക്രമ.നം | തദ്ദേശഭരണ സ്ഥാപങ്ങൾ | ശതമാനം |
|---|---|---|
| **ജില്ലാ പഞ്ചായത്തുകൾ** | | |
| 1 | മലപ്പുറം | 29.96 |
| 2 | ഇടുക്കി | 29.84 |
| 3 | തിരുവനന്തപുരം | 26.98 |
| 4 | കാസർഗോഡ് | 25.83 |
| 5 | വയനാട് | 25.45 |
| 6 | കോഴിക്കോട് | 23.71 |
| 7 | പത്തനംതിട്ട | 23.4 |
| 8 | പാലക്കാട് | 22.79 |
| 9 | ആലപ്പുഴ | 21.19 |
| 10 | കണ്ണൂർ | 17.37 |
| 11 | കൊല്ലം | 10.71 |
| 12 | കോട്ടയം | 9.68 |
| 13 | തൃശ്ശൂർ | 5.81 |
| 14 | എറണാകുളം | 4.74 |

| ക്രമ.നം | തദ്ദേശഭരണ സ്ഥാപങ്ങൾ | ശതമാനം |
|---|---|---|
| **കോർപ്പറേഷനുകൾ** | | |
| 1 | കൊല്ലം | 23.19 |
| 2 | കോഴിക്കോട് | 19.55 |
| 3 | തൃശ്ശൂർ | 17.49 |
| 4 | കണ്ണൂർ | 17.3 |
| 5 | തിരുവനന്തപുരം | 17.07 |
| 6 | കൊച്ചി | 11.6 |

| ഏറ്റവും കൂടുതൽ ചെലവു വരുത്തിയ 10 മുനിസിപ്പാലിറ്റികൾ | | |
|---|---|---|
| 1 | ഹരിപ്പാട് | 49.66 |
| 2 | തൃക്കാക്കര | 43.75 |
| 3 | ഒറ്റപ്പാലം | 40.95 |
| 4 | ഇരിട്ടി | 37.85 |
| 5 | കട്ടപ്പന | 37.78 |
| 6 | താനൂർ | 36.76 |
| 7 | കൂത്തുപ്പറമ്പ | 30.06 |
| 8 | ഫറോക്ക് | 28.87 |
| 9 | മട്ടന്നൂർ | 28.58 |
| 10 | മലപ്പുറം | 28.14 |

| ഏറ്റവും കുറവ്  ചെലവു വരുത്തിയ 10 മുനിസിപ്പാലിറ്റികൾ | | |
|---|---|---|
| 1 | തലശ്ശേരി | 6.38 |
| 2 | ഈരാറ്റുപേട്ട | 7.32 |
| 3 | ചങ്ങനാശ്ശേരി | 8.03 |
| 4 | മൂവാറ്റുപുഴ | 9.81 |
| 5 | കോട്ടയ്ക്കൽ | 10.01 |
| 6 | അടൂർ | 10.05 |
| 7 | കല്പറ്റ | 10.77 |
| 8 | ചേർപ്പുളശ്ശേരി | 11.38 |
| 9 | തിരൂരങ്ങാടി | 12.01 |
| 10 | കോട്ടയം | 12.75 |

| ഏറ്റവും കൂടുതൽ ചെലവു വരുത്തിയ 10 ബ്ലോക്ക് പഞ്ചായത്തുകൾ | | |
|---|---|---|
| 1 | പെരുമ്പടപ്പ് | 60.97 |
| 2 | കഞ്ഞിക്കുഴി | 49.94 |
| 3 | പെരിന്തൽമണ്ണ | 48.41 |
| 4 | കുന്നമ്മൽ | 48.4 |
| 5 | തളിപ്പറമ്പ | 45.43 |
| 6 | തൊടുപുഴ | 43.49 |
| 7 | പുളിക്കീഴ് | 43.05 |
| 8 | പട്ടണക്കാട് | 42.87 |
| 9 | ഇരിക്കൂർ | 42.11 |
| 10 | ദേവികുളം | 40.06 |

| ഏറ്റവും കുറവ്  ചെലവു വരുത്തിയ 10 ബ്ലോക്ക് പഞ്ചായത്തുകൾ | | |
|---|---|---|
| 1 | മാനന്തവാടി | 2.5 |
| 2 | കല്പറ്റ | 2.65 |
| 3 | ഇരിട്ടി | 2.79 |
| 4 | മലമ്പുഴ | 3.62 |
| 5 | സുൽത്താൻ ബത്തേരി | 4.81 |
| 6 | ശ്രീകൃഷ്ണപുരം | 5.71 |
| 7 | വാമനപുരം | 6.23 |
| 8 | വാഴക്കുളം | 6.25 |
| 9 | ഒറ്റപ്പാലം | 7.26 |
| 10 | പനമരം | 7.67 |

| ഏറ്റവും കൂടുതൽ ചെലവു വരുത്തിയ 10 ഗ്രാമപഞ്ചായത്തുകൾ | | |
|---|---|---|
| 1 | വെട്ടം | 53.89 |
| 2 | ചെമ്പിലോട് | 52.29 |
| 3 | നാദാപുരം | 51.26 |
| 4 | മൂപ്പൈനാട് | 50.48 |
| 5 | കീരാംമ്പാറ | 50.23 |
| 6 | കയ്യൂർ – ചീമേനി | 49.65 |
| 7 | ചെറുവത്തൂർ | 49.39 |
| 8 | ഷോളയാർ | 48.75 |
| 9 | വില്യാപ്പള്ളി | 48.71 |
| 10 | കാവാലം | 48.59 |

| ഏറ്റവും കുറവ്  ചെലവു വരുത്തിയ 10 ഗ്രാമപഞ്ചായത്തുകൾ | | |
|---|---|---|
| 1 | തലനാട് | 3.74 |
| 2 | ഈസ്റ്റ് എളേരി | 3.91 |
| 3 | പാണാഞ്ചേരി | 5.26 |
| 4 | തിരുവമ്പാടി | 5.74 |
| 5 | മൂന്നിലവ് | 6.13 |
| 6 | പുത്തൂർ | 6.97 |
| 7 | കൊഴുവനാൽ | 7.23 |
| 8 | മാള | 7.39 |
| 9 | മേലുകാവ് | 8.01 |
| 10 | താമരശ്ശേരി | 8.16 |

2. **<u>പൊതുവിഷയങ്ങൾ</u>**

2.1 മാലിന്യസംസ്കരണത്തിന്റെ ഭാഗമായി ഗാർഹിക ബയോഗ്യാസ് നൽകുന്നതിന് പല തദ്ദേശ ഭരണ സ്ഥാപനങ്ങളും 0.5m3 വിനു പകരം 1.00m3 ആണ് നൽകുന്നത്. ഇതിനനുസൃതമായി ശുചിത്വമിഷൻ നൽകുന്ന സബ്സിഡി തുകയും വർദ്ധിപ്പിച്ചു നൽകാൻ തീരുമാനിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

2.2 സാങ്കേതിക അനുമതി സംബന്ധിച്ച് 28.12.16 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തീരുമാനം (ഖണ്ഡിക 2.21 (11) താഴെ പറയും പ്രകാരം ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

2.2.1 ജില്ലാ പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും അസ്സി.എക്സിക്യൂട്ടീവ് എഞ്ചിനീയർമാരോ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരോ ആരെങ്കിലും ഒരാൾ മാത്രം ഉള്ള മുനിസിപ്പാലിറ്റികളിലും സാങ്കേതിക അനുമതി 3.1.2016 ലെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB3-6512 (c) /2013/CE/തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ പ്രകാരം ഈ വർഷത്തേക്ക് നൽകാവുന്നതാണ്. മറ്റ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 28.12.16 ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം ബാധകമായിരിക്കും. സാങ്കേതിക അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സി. എഞ്ചിനീയർ എന്നിവരുടെ ജോലിഭാരം കുറയ്ക്കുന്നതിന് ബദൽ സംവിധാനം പുതിയ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ, അടുത്ത കോർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണം.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

2.3 18.03.2016 – ലെ 1278/2016/തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ, ഇലക്ട്രോണിക് അധിഷ്ഠിത ഉപകരണങ്ങളുടെ പർചേയ്സ്, ഇൻസ്റ്റലേഷൻ, റിപ്പയറിംഗ്, ആന്വൽമെയിന്റനൻസ് കോൺട്രാക്ട് എന്നിവ ഐ.കെ.എം നെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഇതനുസരിച്ച് നടപടി ക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ സർക്കാർ സ്പഷ്ടീകരണം ലഭിക്കും വരെ ടെണ്ടർ വിളിച്ച് കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങാവുന്നതാണ്.

(നടപടി: തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്)

2.4 17.08.16–ലെ 2464/16 തദ്ദേശസ്വയംഭരണ ഉത്തരവനുസരിച്ചു പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബിരുദവിദ്യാർത്ഥികൾക്കും പോളിടെക്നിക് വിദ്യാർത്ഥികൾക്കും കൂടി ലാപ് ടോപ് നൽകാൻ അനുമതി നൽകിയിരുന്നു. ഇതിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

2.5 11.01.2016 ലെ 4/2016/ തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവുപ്രകാരം പോത്തുകുട്ടികളെ നൽകുമ്പോൾ 18 മാസമെങ്കിലും പ്രായമുള്ളതായിരിക്കണം എന്നു നിബന്ധനയുണ്ട്. 6-8 മാസം വരെ പ്രായമായവയ്ക്കും നിലവിലെ സബ്സിഡി നൽകാൻ തീരുമാനിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

2.6 പൊതുമരാമത്ത് പ്രവർത്തികൾക്ക് സിഡ്കോ മുഖേന ടാർവാങ്ങുന്നതു സംബന്ധിച്ച് 28.12.16 ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം പുനപരിശോധിക്കണമെന്ന് ജനപ്രതിനിധികളും സിഡ്കോജനറൽ മാനേജരും ആവശ്യപ്പെട്ടിരുന്നു. ഇതു തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദമായി പരിശോധിച്ച് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട്ടു തീരുമാനമെടുക്കാമെന്ന് നിശ്ചയിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

2.7 പദ്ധതി പുരോഗതി സംബന്ധിച്ച് ഐ.കെ.എം. സൈറ്റിൽ താഴെ പറയുന്ന അപാകതകൾ പരിഹരിച്ച് ഏകീകൃത രീതിയിലാക്കണം.

i തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സൈറ്റിൽ പദ്ധതി പുരോഗതി കാണിക്കുന്നത് 2016 – 17 ലെ ബഡ്ജറ്റ് തുകയുടെ അടിസ്ഥാനത്തിലാണ് (അനുബന്ധം IV പ്രകാരം)

ii സുലേഖ സൈറ്റിൽ പദ്ധതി പുരോഗതി ആകെ പദ്ധതി അടങ്കലിന്റെ (ബഡ്ജറ്റ് തുക + സ്പിൽ ഓവർ തുക) അടിസ്ഥാനത്തിലാണ്. പദ്ധതി അവലോകനത്തിനായി നൽകുന്ന റിപ്പോർട്ട് ഏകീകരിക്കണം.

(നടപടി: ഇൻഫർമേഷൻ കേരള മിഷൻ)

**2.8** വീട്ടു നിർമ്മാണത്തിന് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നു സഹായം സ്വീകരിച്ചവർക്ക് പിന്നീട് അറ്റകുറ്റപ്പണിക്കോ നവീകരണത്തിനോ സഹായം നൽകുന്നതിനു വീണ്ടും പരിഗണിക്കുന്നതിന് 12 വർഷം കഴിയണം. ഇത് 8 വർഷമായി കുറയ്ക്കാൻ തീരുമാനിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**2.9** പട്ടികജാതി വിഭാഗക്കാർക്ക് വീട്ടുവയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനിലും നൽകാവുന്ന ധനസഹായം യഥാക്രമം 1.5 ലക്ഷം (3 സെന്റ്) 2.00 ലക്ഷം (2 സെന്റ്) 3.00 ലക്ഷം (1.5 സെന്റ്) രൂപ വീതമാണ്. എന്നാൽ പട്ടികജാതി വികസന വകുപ്പ മുഖേന ഇത് യഥാക്രമം 3.75 ലക്ഷം (5 സെന്റ്) 4.50 ലക്ഷം (3 സെന്റ്) 6.00 ലക്ഷം (3 സെന്റ്) വീതമാണ്. ഇത് എസ്.സി. ഡിപ്പാർട്ട്മെന്റ് റേറ്റിൽ ഏകീകരിക്കാൻ തീരുമാനിച്ചു. എന്നാൽ സ്ഥലം കുറവാണ് വാങ്ങുന്നതെങ്കിൽ അതിന് അനുപാതികമായി തുക കുറവു ചെയ്യും. നിശ്ചയിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ സ്ഥലം വാങ്ങാവുന്നതാണ്. എന്നാൽ ധനസഹായ പരിധി മുകളിൽ പറഞ്ഞ പ്രകാരമായിരിക്കും. ആധാര പ്രകാരമുള്ള വിലയിൽ പരിമിതപ്പെടുത്തിയായിരിക്കും ധനസഹായം നൽകുന്നത്.

**2.10** ജില്ലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി പരിശീലന പരിപാടികളുടെ ഏകോപനം ഉറപ്പ് വരുത്തുന്നതിനും പരിശീലനത്തിനാവശ്യമായ സഹായങ്ങൾ നൽകുന്നതിനും പരിശീലനങ്ങൾ കാര്യക്ഷമമായി നടന്നുവോയെന്ന് പരിശോധിക്കുന്നതിനും ജില്ലാ പരിശീലന ഉപദേശക താഴെ പറയുന്ന ഘടനയോടുകൂടി രൂപീകരിക്കാൻ തീരുമാനിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

| | | |
|---|---|---|
| ജില്ലാ ആസൂത്രണ സമിതി ചെയർമാൻ | – | അദ്ധ്യക്ഷൻ |
| ജില്ലാ കളക്ടർ | – | സെക്രട്ടറി |
| ജില്ലാ പ്ലാനിംഗ് ഓഫീസർ | – | കൺവീനർ |
| നഗരകാര്യമേഖലാ ജോയിന്റ് ഡയറക്ടർ | – | അംഗം |
| പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | – | അംഗം |
| അസി. ഡെവലപ്മെന്റ് കമ്മീഷണർ | – | അംഗം |
| ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി | – | അംഗം |
| കില ഡയറക്ടർ നിർദ്ദേശിക്കുന്ന ഒരു വിദഗ്ധൻ | – | അംഗം |

(നടപടി – ജില്ലാ കളക്ടർമാർ)

**2.11** കരാറുകാർക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റായി EMD സ്വീകരിക്കുന്നതിന് നേരിട്ട് തുക നൽകാൻ കഴിയാത്തതു കാരണം മറ്റ് ബാങ്കിൽ നിന്നും ഡി.ഡി.യായോ ഓൺലൈനായോ തുക കൈമാറുന്നതിനുള്ള അനുമതി സംബന്ധിച്ച് നടപടിയെടുക്കാൻ ധനകാര്യവകുപ്പിനു ശുപാർശചെയ്യാൻ തീരുമാനിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

2.12 ഏതാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നോൺ ബാങ്കിംഗ് ട്രഷറി ആയതിനാൽ പേയ്മെന്റിന് നിലവിൽ തടസ്സം പരിഹരിക്കുന്നതിന് എത്ര നോൺ ബാങ്കിംഗ് ട്രഷറി ഉണ്ട് എന്ന് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചു.

(നടപടി – ധനകാര്യ വകുപ്പ്)

2.13 എല്ലാ ദിവസത്തെയും പദ്ധതിപുരോഗതി കൃത്യമായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്ലാൻ സ്പേസ് സെന്ററിൽ അപ്ഡേറ്റ് ചെയ്യണം. ട്രഷറികളുമായി ലിങ്കുചെയ്യാൻ താമസമുണ്ടെങ്കിൽ തൽക്കാലത്തേക്ക് ബദൽ സംവിധാനം സ്വീകരിക്കണം.

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

2.14 പദ്ധതി പുരോഗതിയിൽ പുറകിൽ നിൽക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം പ്രത്യേകമായി ജില്ലാ തലത്തിൽ അവലോകനം ചെയ്യണം.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

2.14.1 ജില്ലാ ശരാശരിയേക്കാൾ കുറഞ്ഞ പുരോഗതി ഉള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പുരോഗതി ജില്ലാ കളക്ടർ District Planning Officer, Deputy Director Panchayath, Joint Director നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ എന്നിവർ ചേർന്ന് പ്രത്യേകമായി ഓരോ ആഴ്ചയിലും അവലോകനം നടത്തണം.

2.14.2 സംസ്ഥാനതല ശരാശരിയിലും കുറവുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളെ പ്രത്യേകമായി പട്ടികപ്പെടുത്തി ബന്ധപ്പെട്ട വകുപ്പ് മേധാവികൾ അവലോകനം ചെയ്ത് പ്രശ്നങ്ങൾ പ്രത്യേകമായി പരിഹരിക്കണം.

2.15 ബഹു. മുഖ്യമന്ത്രിയുടെ 18.01.17 ലെ അവലോകന യോഗത്തിലെ തീരുമാന പ്രകാരം അടുത്ത വർഷം മുതൽ ഓരോ മാസവും വരുത്തേണ്ട പദ്ധതി ചെലവ് കൃത്യമായി അതതുമാസം വരുത്തി ക്രമാനുഗതമായ പുരോഗതി കൈവരിക്കണം. ഇതിനായി പ്രത്യേകമായ നിർദ്ദേശം പിന്നീട് നൽകുന്നതായിരിക്കും.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് )

2.16 വൃദ്ധക്ഷേമം, ശിശുക്ഷേമം, വനിതാഘടകപദ്ധതി പോലുള്ള പ്രത്യേക പദ്ധതികളാൽ നൂതനമായ പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കണം.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് )

2.17 2016 – 17 ൽ അധിക ധനസഹായം ഉപയോഗിച്ച് ആധുനിക ശ്മശാനം, അറവുശാല എന്നിവ നിർമ്മിക്കുന്നതിന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിന് പ്രോജക്ടുകൾ സമർപ്പിച്ചിരുന്നു. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇപ്രകാരം അധികസഹായം നൽകുന്നില്ലാത്ത സാഹചര്യത്തിൽ ഇവ KIFB മുഖേന നടപ്പാക്കുന്നതിന് പ്രോജക്ടുകൾ സംസ്ഥാന ശുചിത്വമിഷന് നൽകേണ്ടതാണ്.

(നടപടി– ചീഫ് ഡി സെൻട്രലൈസ്ഡ് പ്ലാനിംഗ് ഡിവിഷൻ)

2.18 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വസ്തുനികുതി കുടിശ്ശിക പിഴപലിശ കൂടാതെ അടയ്ക്കുന്നതിനുള്ള കാലാവധി 31.03.2017 വരെ നീട്ടി നൽകുന്നതിനു തീരുമാനിച്ചു.

## 3. പ്രത്യേകവിഷയങ്ങൾ

3.1 പാറത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.16 ലെ എ3–7819/16–ാം നമ്പർ കത്തും 14.10.16 ലെ VI (II) –ാം നമ്പർതീരുമാനവും

**വാർഷിക പദ്ധതിയിലുള്ള “ജലസേചന പമ്പ് സെറ്റ് വിതരണം” എന്ന പ്രോജക്ട് വ്യക്തിഗത ആനുകൂല്യം ആയിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്.**

***തീരുമാനം*** – *അനുമതി നിരസിച്ചു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ് )

3.2 എടരിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.12.16 ലെ എ2–1728/16(2)–ാം നമ്പർ കത്തും 22.12.16 ലെ 10–ാം നമ്പർ ഭരണസമിതി തീരുമാനവും.

**വാർഷിക പദ്ധതിയിൽ ഭവനനിർമ്മാണത്തിന് ആകെ 3,22,800/– രൂപ (രണ്ടു പ്രോജക്ടുളിലായി) വകയിരുത്തിയിട്ടുണ്ട്. ഇതേപോലെ 2015–16 ലും ഭവന നിർമ്മാണത്തിന് ധനകാര്യകമ്മീഷൻ ഗ്രാൻറ് ഉൾപ്പെടുത്തിയിരുന്നു. അവ സ്പിൽ ഓവറായി തുടരുന്നുണ്ട്. പുതിയ മാർഗ്ഗരേഖ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാൻറ് ഭവനനിർമ്മാണത്തിന് ഉപയോഗിക്കാൻ പാടില്ലാത്തതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്.**

***തീരുമാനം*** – *1. സ്പിൽഓവർ പ്രോജക്ടിനു മാത്രം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാൻ പ്രത്യേക അനുമതി നൽകുന്നു. പുതിയ പ്രോജക്ടിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗി ക്കാവുന്നതല്ല.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് )

3.3 <u>കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.12.16 ലെ എ5–1627/2016–ാം നമ്പർ കത്ത്.</u>

**വിദ്യാർത്ഥികൾക്ക് കലാമത്സരം, വിജയികൾക്ക് ക്യാഷ് അവാർഡ്, ട്രോഫി, റിപ്പബ്ളിക് ദിനാഘോഷ യാത്ര തുടങ്ങിയവയ്ക്ക് 1.00 ലക്ഷം രൂപ തനതു ഫണ്ടുവച്ച് അംഗീകരിച്ചിരുന്നു. മാർഗ്ഗരേഖ പ്രകാരമല്ലാത്തിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്.**

***<u>തീരുമാനം</u>*** *– 1.) ഈ വർഷത്തേക്ക് പ്രത്യേക അനുമതി നൽകുന്നു. അടുത്ത വർഷം മുതൽ ക്യാഷ് അവാർഡ് നൽകുന്നത് സ്പോൺസർഷിപ്പിലൂടെ ആയിരിക്കണം.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ് )

3.4 <u>നെന്മണിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.11.2016 ലെ കത്തും 07.10.16 ലെ 11–ാം നമ്പർ തീരുമാനവും.</u>

**മണലിപ്പുഴയിലെ ജലവിതാനം നിയന്ത്രിക്കുന്നതിന് പുഴയിലെ ഓടൻചിറ റഗുലേറ്റർ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നതിനു ജലസേചന വകുപ്പിനു ഫണ്ടില്ലാതെ വന്നപ്പോൾ പ്രസിഡന്റ് വ്യക്തിപരമായി ചെലവഴിച്ച 10,000/– രൂപ തിരികെ നൽകുന്നതിന് തനതുഫണ്ടു ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.**

***<u>തീരുമാനം</u>*** *– ഇറിഗേഷൻ വകുപ്പ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റിന്റെയും വൌച്ചറിന്റെയും അടിസ്ഥാനത്തിൽ തുക നൽകാൻ അനുമതി നൽകുന്നു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ് )

3.5 <u>പാറത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.16 ലെ എ3–7819/16–ാം നമ്പർ കത്തും 14.10.16 ലെ VI (10)–ാം നമ്പർ തീരുമാനവും</u>

**ഗ്രോബാഗിന് 60 രൂപ സബ്സിഡി നൽകുന്നതിന് അനുമതി സംബന്ധിച്ച്.**

***<u>തീരുമാനം</u>*** *– കോർഡിനേഷൻകമ്മിറ്റിയുടെ 28.12.16 ലെ തീരുമാനം (ഖണ്ഡിക 2.9) ബാധകമാണ്.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ് )

3.6 <u>സിഡ്കോ മാനേജിംഗ് ഡയറക്ടറുടെ 21.12.16 ലെ SIDCO/MKTG/ജനറൽ 16–17–ാം നമ്പർ കത്ത്.</u>

**സിഡ്കോയ്ക്ക് നിലവിൽ ഉരുക്ക്, തടിയുൽപ്പന്നങ്ങൾക്ക് റേറ്റ് കോൺട്രാക്ട് ഉണ്ട്. മറ്റ് ഉല്പന്നങ്ങൾ വാങ്ങുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിന് അനുമതി സംബന്ധിച്ച്.**

***<u>തീരുമാനം</u>*** *– പൊതു തീരുമാനം ഖണ്ഡിക 2.6 ബാധകമാണ്.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് )

3.7 <u>പെരുവന്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.12.16 ലെ എ4-551/16-ാം നമ്പർ കത്ത്.</u>

**2012-13 വർഷം മാലിന്യസംസ്കരണത്തിന്റെ ഭാഗമായി ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിൽ ശുചിത്വമിഷൻ വിഹിതം ലഭ്യമാകുന്നത് സംബന്ധിച്ച്.**

***<u>തീരുമാനം</u>*** *- ശുചിത്വമിഷൻ ഡയറക്ടർ അറിയിച്ചതനുസരിച്ച് തുക നൽകാൻ തീരുമാനിച്ചു.*

*(നടപടി എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ)*

3.8 <u>പെരിന്തൽമണ്ണ മുനിസിപ്പൽ ചെയർമാന്റെ P1-1056/16-ാം നമ്പർ കത്ത്.</u>

**കർഷകർക്ക് സബ്സിഡി നൽകുന്നതിന് താഴെപ്പറയുന്നവയ്ക്ക് അനുമതി സംബന്ധിച്ച്.**

(i) കർഷകർ സ്വന്തമായി ഉല്പാദിപ്പിക്കുന്നതോ വാങ്ങി ഉപയോഗിക്കുന്നതോ ആയ ജൈവവളത്തിന് സബ്സിഡി ബാങ്കുവഴി നൽകൽ

(ii) ചെറുകിട കർഷകർക്കുകൂടി സബ്സിഡി നൽകൽ

(iii) പച്ചക്കറിതൈകൾ, പച്ചക്കറിവിത്തുകൾ എന്നിവയ്ക്ക് 100% സബ്സിഡി നൽകൽ

**<u>തീരുമാനം</u>**

(i) സ്വന്തമായി ഉല്പാദിപ്പിക്കുന്ന ജൈവവളത്തിനു സബ്സിഡി നൽകാവുന്നതല്ല. സബ്സിഡി പണം ബാങ്ക് വഴി നൽകാൻ 28-12-16-ലെ കോർഡിനേഷൻ കമ്മിറ്റി പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(ii), (iii) ഇവ അനുവദിക്കുന്നതിന് 01-12-16, 28-12-16 എന്നീ ദിവസങ്ങളിൽ കൂടിയ കോർഡിനേഷൻ കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ് )

3.9 <u>പെരിന്തൽമണ്ണ മുനിസിപ്പൽ ചെയർമാന്റെ 22-12-16-ലെ കത്ത്</u>

**കിണർ റീചാർജ്ജ് ചെയ്യുന്നതിന് ഏജൻസിയെ ഏല്പിക്കാൻ അനുമതി സംബന്ധിച്ച്.**

**<u>തീരുമാനം</u>** :- ശുചിത്വമിഷൻ/ സി.ആർ.ഡി.എം ന്റെ സാങ്കേതിക ഉപദേശം തേടി പദ്ധതി നടപ്പാക്കാം. ഏജൻസിയെ ഏൽപ്പിക്കുകയാണെങ്കിൽ ടെണ്ടർ ചെയ്യണം.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

3.10 <u>കണ്ണൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 20-12-2016-ലെ A4-3929-16-ാം നമ്പർ കത്ത്.</u>

**പട്ടികജാതി സങ്കേതങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിന് അംഗീകാരം സംബന്ധിച്ച്**

***<u>തീരുമാനം</u>*** *- വൈദ്യുതീകരിക്കാത്ത പട്ടികജാതി സങ്കേതങ്ങളിൽ ആദ്യം സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതിനുശേഷമേ മറ്റു സങ്കേതങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാവൂ എന്ന നിബന്ധനയോടെ അനുമതി നൽകുന്നു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ3) വകുപ്പ് )

3.11 <u>കണ്ണൂർ ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 17.10.2016-ലെ E1-3371-16-ാം നമ്പർകത്ത്</u>

**സ്കൂളുകളിൽ ജൈവപച്ചക്കറി കൃഷിത്തോട്ടം, ബയോഗ്യാസ് പ്ലാന്റ് എന്നിവയുള്ള രണ്ടു പ്രോജക്ടുകളുടെ അംഗീകാരം സംബന്ധിച്ച്.**

(I) വാർഷിക പദ്ധതിയിൽ വിദ്യാലയങ്ങളിൽ ജൈവപച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, വനവത്കരണം എന്ന പ്രോജക്ട് വിദ്യാഭ്യാസ മേഖലയിൽ അല്ലാത്തതിനാൽ നിർവ്വഹണം നടത്താൻ പ്രത്യേക അനുമതി സംബന്ധിച്ച്.

(II) വാർഷിക പദ്ധയിൽ വിദ്യാലയങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>*** :- *കൃഷി ഡെപ്യൂട്ടി ഡയറക്ടറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കിക്കൊണ്ട് രണ്ടു പ്രോജക്ടുകളും നിർവ്വഹണം നടത്താൻ അനുമതി നൽകുന്നു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് )

3.12 <u>ആലക്കോട് ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 15-12-2016-ലെ എ1-2534/16-ാം നമ്പർ കത്തും 07.11.2016 ലെ V-ാം നമ്പർ ഭരണസമിതി തീരുമാനവും.</u>

2012-13 വർഷം റെയ്ഡ്കോ മുഖേന നൽകിയ ബയോഗ്യാസ് പ്ലാന്റിന്റെ ശുചിത്വമിഷൻ വിഹിതമായ 2,11,483 രൂപ പലിശയും കോടതി ചെലവുമടക്കം നൽകുന്നതു സംബന്ധിച്ച്.

***<u>തീരുമാനം</u> - ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചതനുസരിച്ച് പലിശയും കോടതി ചെലവുമൊഴിച്ചുള്ള തുക നൽകാൻ തീരുമാനിച്ചു.***

*<u>(നടപടി എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ)</u>*

3.13 <u>അരീക്കോട് ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റിന്റെ 07.11.2016 ലെ കത്ത്.</u>

**പട്ടികജാതി സങ്കേതങ്ങളിൽ ഭവന സുരക്ഷയ്ക്കായി 13 എസ്.സി.എസ്.പി പ്രോജക്ടുകളിലായി കോളനികളിലെ വീടും ഭൂമിയും പ്രത്യേകം അതിര് കെട്ടി സംരക്ഷിക്കുന്നതിന് അനുമതി സംബന്ധിച്ച്.**

***<u>തീരുമാനം</u>*** - *തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിച്ചു നടത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് )

3.14 <u>കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.06.16 ലെ കത്ത്.</u>

**കോഴിക്കോട് സ്കിൽ ഡെവലപ്മെന്റ് സെന്ററിന് വർഷം തോറും ഗ്രാന്റ് നൽകുന്നതു സംബന്ധിച്ച്.**

***<u>തീരുമാനം</u>*** - *ജില്ലാപഞ്ചായത്തിന്റെ പൂർണ്ണനിയന്ത്രണത്തിലുള്ള സ്ഥാപനമായതിനാൽ പ്രോജക്ട് തയ്യാറാക്കി ഡി.പി.സിയുടെ അംഗീകാരത്തോടെ 10 ലക്ഷം രൂപ ഈ വർഷത്തേക്ക് നൽകാൻ അനുമതി നൽകുന്നു. വരുംവർഷങ്ങളിൽ നടക്കുന്ന പരിശീലനപരിപാടികൾക്ക് പ്രോജക്ട് തയ്യാറാക്കി ഫണ്ട് വകയിരുത്താവുന്നതാണ്.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് )

3.15 <u>കോഴിക്കോട്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 07.01.2017-ലെ കത്ത്.</u>

**കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 28.12.16 ലെ യോഗത്തിൽ സാങ്കേതിക അനുമതി നൽകുന്നതു സംബന്ധിച്ച് എടുത്ത തീരുമാനം (ഖണ്ഡിക 2.21(L) റദ്ദുചെയ്യണമെന്നും 3.11.16 ലെ തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ സർക്കുലറിലെ സ്ഥിതി തുടരണമെന്നതു സംബന്ധിച്ച്.**

***<u>തീരുമാനം</u>*** *- പൊതു തീരുമാനം ഖണ്ഡിക 2.2 ബാധകമാണ്.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.16 <u>കോഴിക്കോട്ട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 24.10.16 ലെ P1/98911/16ാാം നമ്പർ കത്ത്. (LSGD-DA1/429/2016-LSGD)</u>

**18.03.16 ലെ ഉത്തരവുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങൽ, ഇൻസ്റ്റലേഷൻ, റിപ്പയറിംഗ് ഇവ IKM - നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിന്മേലുള്ള സ്പഷ്ടീകരണം സംബന്ധിച്ച്.**

***<u>തീരുമാനം</u>*** *- പൊതു തീരുമാനം ഖണ്ഡിക 2.3 ബാധകമാണ്.*

(നടപടി: തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്)

3.17 <u>കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (22.11.16)</u>

**ഡി.പി.സി അംഗീകരിക്കാത്ത അങ്കണവാടി കുട്ടികൾക്ക് ബേബി ബെഡ് നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച്**

***<u>തീരുമാനം</u>*** *- പ്രത്യേക അനുമതി നൽകുന്നു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.18 <u>കടപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.10.16 ലെ കത്ത്.</u>

**നിരാലംബരായ നായാടി വിഭാഗത്തിൽപ്പെട്ട 4 കുടുംബങ്ങളിൽ 2 കുടുംബത്തിന് പുതിയവീടും 2 കുടുംബത്തിന് വീട് അറ്റകുറ്റപ്പണിയും PWD/ അക്രഡിറ്റഡ് ഏജൻസിയുടെ എസ്റ്റിമേറ്റ് പ്രകാരം നടത്തുന്നതിന് അനുമതി സംബന്ധിച്ച്.**

***<u>തീരുമാനം</u>*** *- വീടുനിർമ്മാണത്തിനു 4.00 ലക്ഷം രൂപ എന്ന പരിധിക്കു വിധേയമായി അനുമതി നൽകുന്നു. വീടു നിർമ്മിച്ചു നൽകണം.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.19 <u>മടിക്കൈപാലിയേറ്റീവ് കെയർ സൊസൈറ്റി പ്രസിഡന്റിന്റെ 10.01.17 ലെ കത്ത്</u>

**പാലിയേറ്റീവ് കെയർ സൊസൈറ്റിക്ക് ആവശ്യമായ മരുന്ന് നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് വാങ്ങാനുള്ള അനുമതി സംബന്ധിച്ച്.**

***<u>തീരുമാനം</u>*** *- മരുന്ന് കാരുണ്യയിൽ നിന്നുതന്നെ വാങ്ങേണ്ടതാണ്. അതിനായി രോഗികളുടെ എണ്ണവും അതിനനുസരിച്ച് മരുന്നിന്റെ ആവശ്യവും നേരത്തെ അറിയിക്കണം. എന്നാൽ അത്യാവശ്യ ഘട്ടത്തിൽ മാത്രം മരുന്ന് നീതി സ്റ്റോറിൽ നിന്നു വാങ്ങാൻ അനുമതി നൽകുന്നു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.20 <u>ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 29.12.16 ലെ കത്ത്</u>

**വാർഷികപദ്ധതിയിലെ പ്രോജക്ടുകളായ 1. പപ്പടനിർമ്മാണ യൂണിറ്റിന് ധനസഹായം. 2. ഗാർമെന്റ് നിർമ്മാണ യൂണിറ്റിന് ധനസഹായം 3. തൊഴിലുറപ്പ് തൊഴിലാളികൾക്ക് നിർമ്മാണ സാമഗ്രികളുടെ ഉല്പാദനയൂണിറ്റ് 4. വാഴകൃഷി വ്യാപനം, ഗ്രൂപ്പ് പച്ചക്കറി കൃഷി എന്നിവയ്ക്ക് ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭ്യമാകാൻ താമസിക്കുന്നു. അതിനാൽ ഗ്രേഡിംഗ് കഴിഞ്ഞ ഗ്രൂപ്പുകളെ നേരിട്ട് ക്ഷണിച്ച് പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.**

***<u>തീരുമാനം</u>*** - *1) ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കണം.*

*2) യൂണിറ്റടിസ്ഥാനത്തിൽ ഉള്ളവയാണെങ്കിൽ കുടുംബശ്രീ യൂണിറ്റുകൾ മുഖേന നടപ്പാക്കാവുന്നതാണ്.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ് )

3.21 <u>മാവേലിക്കര – താമരക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.12.16 ലെ കത്ത്.</u>

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണ സംഘത്തിന് സോഡാ മേക്കിംഗ് യൂണിറ്റിന് ധനസഹായം നൽകുന്നതിന് അനുമതി സംബന്ധിച്ച്.**

***<u>തീരുമാനം</u>*** - *1) പ്രത്യേക അനുമതി നൽകുന്നു.*

*2) സൊസൈറ്റി ലാഭത്തിലാക്കാൻ സമഗ്ര പ്രോജക്ട് തയ്യാറാക്കുന്നത് പരിഗണിക്കണം.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.22 <u>മഞ്ചേരി നഗരസഭാ ചെയർപേഴ്സന്റെ 10.01.2017–ലെ കത്ത്</u>

**ഈ വർഷം ഉൽപാദന മേഖലയിൽ വകയിരുത്തിയിരുന്ന (വനിതാ ഘടക പദ്ധതിയിലും ഉൾപ്പെട്ടിരിക്കുന്ന) തുകയിൽ നിന്ന് 50.00 ലക്ഷം രൂപ മറ്റു മേഖലയിലേയ്ക്ക് (വീട്, വീട് റിപ്പയറിംഗ് ) വകമാറ്റാൻ അനുമതി സംബന്ധിച്ച്.**

***<u>തീരുമാനം</u>*** – അനുമതി നിരസിക്കുന്നു. ഒരിക്കൽ അനുമതി നിരസിച്ചവ വീണ്ടും അതേപോലെ അഗീകാരത്തിനു സമർപ്പിക്കുന്നത് ശരിയല്ല എന്ന് കമ്മിറ്റി നിരീക്ഷിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് )

3.23 <u>ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.01.2017–ലെ കത്ത്</u>

**കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ ഹെലൻ കെല്ലർ സ്മാരക അന്ധ വിദ്യാലയത്തിന് ബ്രെയിൻ ലിപിയോടെയുള്ള കമ്പ്യൂട്ടർ നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച്**

***<u>തീരുമാനം</u>*** - *പ്രത്യേക അനുമതി നൽകുന്നു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ് )

3.24 <u>എടപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.01.17 ലെ കത്ത്.</u>

PHC **യോടു ചേർന്ന ലാബിൽ ദിവസവേതനാടിസ്ഥാനത്തിൽ ടെക്നീഷ്യനെ നിയമിക്കുന്നതു സംബന്ധിച്ച്.**

തദ്ദേശമിത്രം പദ്ധതി പ്രകാരം പഞ്ചായത്തിന് ലഭിച്ച 2.00 കോടി രൂപ ഉപയോഗിച്ച് പി.എച്ച്.സി. നവീകരിച്ച് ഇതിനോട് ചേർന്ന് ലാബ് പണിയുന്നു. ഇവിടെ ലാബ്ടെക്നീഷ്യനെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>*** – *ലാബിൽ നിന്നു ലഭിക്കുന്ന വരുമാനമോ എച്ച്.എം.സി. ഫണ്ടോ ഉപയോഗിച്ച് ദിവസവേതനാടിസ്ഥാനത്തിൽ ടെക്നീഷ്യനെ നിയമിക്കുന്നതിന് അനുമതി നൽകുന്നു. തുക തികയതെ വന്നാൽ മാത്രം തനതു ഫണ്ട് ഉപയോഗിക്കാം.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.25 <u>വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.1.2017 ലെ P–24/17–ാം നമ്പർ കത്തും 30.01.16 ലെ 6–ാം നമ്പർ ഭരണസമിതി തീരുമാനവും.</u>

**അമൽജ്യോതി സ്പെഷ്യൽ സ്കൂളിനുസ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്നതിന് അനുമതി സംബന്ധിച്ച്**

***<u>തീരുമാനം</u>*** – *പ്രത്യേക അനുമതി നൽകുന്നു. സ്മാർട്ട് ക്ലാസ്സ് റൂമിന്റെ നിർമ്മാണ പ്രക്രിയയിൽ ഗ്രാമപഞ്ചായത്ത് മോണിറ്റർ ചെയ്യണം.*

(നടപടി: തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്)

3.26 <u>വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.2017 ലെ പി–26/16–ാം നമ്പർ കത്തും 23.12.16 ലെ 11–ാം നമ്പർ ഭരണസമിതി തീരുമാനവും.</u>

**കൊക്കോ കർഷകർക്ക് ഉരിശും ചുണ്ണാമ്പും വിതരണം ചെയ്യുന്നതിന് സബ്സിഡി നൽകുന്നത് സംബന്ധിച്ച്.**

***<u>തീരുമാനം</u>*** – *അനുമതി നൽകുന്നു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.27 <u>വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.17 ലെ പി.27/17–ാം നമ്പർ കത്തും 23.12.16–ലെ 12–ാം നമ്പർ ഭരണസമിതി തീരുമാനവും.</u>

**17.18.16 ലെ 2464/16 –ലെ തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവനുസരിച്ച് ഡിഗ്രികോളജിനും പോളിടെക്നിക്കുകളിലും പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട കുട്ടികൾക്ക് ലാപ് ടോപ് കൊടുക്കാവുന്നതാണ്. ഇതിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്.**

***<u>തീരുമാനം</u>*** – *പൊതു തീരുമാനം ഖണ്ഡിക 2.4 ബാധകമാണ്.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.28 പൊന്നാനി മുനിസിപ്പൽ ചെയർമാന്റെ 04.01.17 ലെ പി1–2095/1–ാം നമ്പർ കത്ത്.

**കടലോര മേഖലയിൽ താമസിക്കുന്നവരുടെ ഓലമേഞ്ഞ വീടുകൾ വർഷം തോറും ഓലമേയുന്നതിന്റെ ഭാഗമായി ഓലപ്പുര നവീകരണം എന്ന പ്രോജക്ടിന് അനുമതി സംബന്ധിച്ച്.**

***തീരുമാനം*** – *ഈ വർഷത്തേക്ക് അനുമതി നൽകുന്നു. ഇവർക്കു പക്ക വീടുകൾ നിർമ്മിച്ചു നൽകുന്ന പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.29 നരിക്കുനി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ എ1–4680/16–ാം നമ്പർ കത്ത്

**10–12 മാസം പ്രായമായ പോത്തുകുട്ടികളെ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.**

***തീരുമാനം*** – *പൊതു തീരുമാനം 2.5 ഖണ്ഡിക ബാധകമാണ്*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.30 ബഹു. നെന്മാറ എം.എൽ.എയുടെ 11.01.17 ലെ കത്തും എലവൻഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.01.17–ലെ എ2–4906/2016–ാം നമ്പർ കത്തും.

**മാലിന്യസംസ്കരണത്തിനു വേണ്ടി രൂപീകരിച്ച പ്രോജക്ടുകൾ ഒഴിവാക്കി കുടിവെള്ള പ്രോജക്ടുകൾ എടുക്കാനുള്ള അനുമതി സംബന്ധിച്ച്.**

***തീരുമാനം*** – *അനുമതി നിരസിച്ചു. കുടിവെള്ള പ്രോജക്ടുകൾക്കുവേണ്ടി നിർബന്ധിത സ്വഭാവമില്ലാത്ത മറ്റ് പ്രോജക്ടുകൾ ഒഴിവാക്കി തുക കണ്ടെത്തേണ്ടതാണ്.*

(നടപടി: തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

3.31 ബഹു. തിരുവമ്പാടി എം.എൽ.എ യുടെ 12.01.17 ലെ കത്തും കൂടരഞ്ഞി പഞ്ചായത്ത് പ്രസിഡന്റിന്റെ 09.01.17 ലെ എ2–2059/16–ലെ കത്തും

**1997 – 98 –ൽ നിർമ്മിച്ച കെട്ടിടത്തിൽ അറവുശാല ആരംഭിക്കുന്നതിന് ശുചിത്വമിഷന്റെ മാനദണ്ഡങ്ങളിൽ ഇളവു നൽകുന്നതു സംബന്ധിച്ച്.**

***തീരുമാനം*** – *ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകണം. അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ തീരുമാന മെടുക്കാൻ മാറ്റിവച്ചു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.32 പത്തനംതിട്ട ജില്ലാ പഞ്ചായത്തുപ്രസിഡന്റിന്റെ 13.01.17 ലെ കത്തും ജില്ലാ കളക്ടറുടെ 09.01.17 ലെ ആർ.ഓ2– 1011/16/ ഡി.പി.ഒ/പി.റ്റി.എ കത്തും.

**സമഗ്ര എ.ബി.സി.എ.ആർ – തെരുവ് നായ്ക്കളുടെ പ്രജനനനിന്ത്രണ പദ്ധതി എന്ന പ്രോജക്ടിൽ ആകെ അടങ്കലിൽ മാറ്റമില്ലാതെ നർവ്വഹണ രീതി എൻ.ജി.ഒ SPCA (Society for the Prevention of Cruelty to Animals) മുഖേന ആക്കാനും ധനകാര്യ വിശകലനത്തിൽ മാറ്റം വരുത്താനും അനുമതി സംബന്ധിച്ച്.**

***<u>തീരുമാനം</u>** – എ.ബി.സി. പ്രോഗ്രാമിനു പരിശീലനം ലഭിച്ച കുടുംബശ്രീ യൂണിറ്റുകളുണ്ടെങ്കിൽ അവരെ കൂടി* SPCA (Society for the Prevention of Cruelty to Animals) യോടൊപ്പം പരിഗണിക്കണം. സ്പിൽഓവർ പ്രോജക്ടായതിനാൽ സുലേഖ സോഫ്റ്റ് വെയറിൽ മാറ്റം വരുത്താതെ നടപ്പാക്കാൻ പ്രത്യേക അനുമതി നൽകുന്നു. യൂണിറ്റ് ചെലവ് സർക്കാർ ഉത്തരവനുസരിച്ച് പരിമിതപ്പെടുത്തേണ്ടതാണ്.

(നടപടി: തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്)

3.33 <u>പൊന്നാനി മുനിസിപ്പൽ ചെയർമാന്റെ 04.01.17 ലെ കത്ത്.</u>

**മത്സ്യതൊഴിലാളികൾക്കും പട്ടികവർഗ്ഗ വിഭാഗത്തിനും തുല്യമായ ആനുകൂല്യങ്ങൾ നൽകുന്നതിന് സർക്കാർ ഉത്തരവിറക്കുന്നതു സംബന്ധിച്ച്.**

***<u>തീരുമാനം</u>**–- 18.01.2017 ലെ ആർ.റ്റി. 134/17/തദ്ദേശ സ്വയംഭരണവകുപ്പ് നമ്പറായി സർക്കാർ ഉത്തരവായിട്ടുണ്ട്.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.34 <u>തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 06.01.17 ലെ സി7/7/17–ാം നമ്പർ കത്ത്.</u>

**28.12.16 ലെ കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരായുള്ളവരും എസ്റ്റിമേറ്റ് തയ്യാറാക്കിയവരും അതേ പ്രോജക്ടിന് സാങ്കേതിക അനുമതി നൽകാവാൻ പാടില്ല എന്ന തീരുമാനം പുനപരിശോധിക്കണമെന്നതു സംബന്ധിച്ച്.**

***<u>തീരുമാനം</u>** – പൊതു തീരുമാനം ഖണ്ഡിക 2.2 ബാധകമാണ്.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.35 <u>നെടുമങ്ങാട് ബ്ലോക്കു പഞ്ചായത്തിന്റെ 04.01.17 ലെ ഡി.11744/16ാം നമ്പർ കത്തും 09.11.2016 IV (2)–ാം നമ്പർ ഭരണസമിതി തീരുമാനവും.</u>

**ഗ്രന്ഥശാലകൾക്ക് എൽ.സി.ഡി. പ്രോജക്ടറുകൾ വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്.**

***<u>തീരുമാനം</u>** – അനുമതി നിരസിച്ചു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.36 <u>പെരുങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.12.16 ലെ കത്തും 23.08.16 ലെ 1 (3)–ാം നമ്പർ തീരുമാനവും.</u>

**പഴയ കമ്മ്യൂണിറ്റിഹാൾ പൊളിച്ചുമാറ്റി പുതിയ കമ്മ്യൂണിറ്റി ഹാളിന് ലോക ബാങ്ക് വിഹിതം ഉപയോഗിക്കുന്നതു സംബന്ധിച്ച്.**

***<u>തീരുമാനം</u>** – ഇതിന്മേൽ വകുപ്പ് തലത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.37 <u>ബഹു. നിലമ്പൂർ എം.എൽ.എ യുടെ 21.12.16 ലെ കത്തും കുരുളായി ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ കത്തും</u>

**PWD യുടെ വകയായ കരുളായി അങ്ങാടിയിൽ പൊട്ടിപൊളിഞ്ഞ് കിടക്കുന്ന ഓടകൾ വൃത്തിയാക്കി സ്ലാബ് ഇടുന്നത് സംബന്ധിച്ച്**

***<u>തീരുമാനം</u>*** *- **PWD** യുടെ ചുമതലയിലുള്ള ഈ പ്രവർത്തി ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കേണ്ടതല്ല എന്നു നിരീക്ഷിച്ചുവെങ്കിലും അപകടം ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ പ്രത്യേക പരിഗണന നൽകി അംഗീകാരം നൽകുന്നു. **PWD** യുട അനുമതി നേടേണ്ടതാണ്.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ് )

3.38 <u>ബഹു തിരുവമ്പാടി എം.എൽ.എയുടെ 03.01.2017–ലെ കത്തും കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ A2–385/15–ാം നമ്പർ കത്തും 27.02.2016–ലെ 84–ാം നമ്പർ ഭരണ സമിതി തീരുമാനവും</u>

**സ്പോർട്സ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകുന്നത് സംബന്ധിച്ച്**

***<u>തീരുമാനം</u>*** *- അനുമതി നൽകുന്നു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.39 <u>കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.2017–ലെ കത്തും അനുബന്ധരേഖകളും</u>

**ജലനിധി പദ്ധതിക്കായി പഞ്ചായത്ത് വിഹിതമായി 1.36 കോടി രൂപ കണ്ടെത്തേണ്ടതായിട്ടുണ്ട്. പ്ലാൻ ഫണ്ട് തികയാത്തതിനാൽ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിഹിതം ജലനിധിക്കായി ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.**

***<u>തീരുമാനം</u>*** *- കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് അത്യാവശ്യ മെയിന്റനൻസ് ഇല്ലെങ്കിൽ ഈ വർഷം നൽകേണ്ട 22.50 ലക്ഷം രൂപ ജലനിധിക്കായി നൽകാൻ അനുമതി നൽകുന്നു. എന്നാൽ അടുത്ത വർഷം പൊതുവിഭാഗം ഫണ്ടിൽ നിന്ന് ഈ തുക മെയിന്റനൻസ് ഗ്രാന്റ് വിഹിതത്തിലേക്ക് മാറ്റി അതിനനുസരിച്ച പ്രോജക്ടുകൾ എടുക്കുന്നു എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം.*

(നടപടി: തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് )

3.40 <u>ബഹു. മങ്കട എം.എൽ.എ.യുടെ 30.11.2016–ലെ 119/ മങ്കട/2016–ാം നമ്പർ കത്തും കുറുവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.11.2016–ലെ 288/16–ാം നമ്പർ കത്തും</u>

**പഞ്ചായത്ത് ഓഫീസ് നവീകരണ പ്രവൃത്തി നിർമ്മിതികേന്ദ്രയെ 8 ശതമാനം സൂപ്പർ വിഷൻ ചാർജ്ജോടെ ഏൽപ്പിക്കുന്നതിന് അനുമതി സംബന്ധിച്ച്**

***<u>തീരുമാനം</u>*** *- അനുമതി നിരസിച്ചു. LSGD എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ മുഖേന നടപ്പാക്കണം.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ് )

3.41 ബുധനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.01.17-ലെ പി-004/17-ാം നമ്പർ കത്ത്.

**I സ്ഥലം ലഭ്യമല്ലാത്തതിനാൽ പൊതു മാർക്കറ്റിനു സ്ഥലം വാങ്ങുന്നതിനും അങ്കണവാടിക്കു സ്ഥലം വാങ്ങുന്നതിനുമുള്ള രണ്ടു പ്രോജക്ടുകൾ ഉപേക്ഷിച്ച് ഈ തുക കുടിവെള്ള കിണർ നിർമ്മാണത്തിനും വീട്ടു മെയിന്റനൻസിനും ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.**

***തീരുമാനം*** - *പ്രത്യേക അനുമതി നൽകുന്നു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**II. വ്യാവസായിക അടിസ്ഥാനത്തിൽ മുട്ടക്കോഴിയെ വളർത്തുന്നതിന് 5.00 ലക്ഷം രൂപയുടെ പ്രോജക്ടിന് അനുമതി സംബന്ധിച്ച്.**
***തീരുമാനം*** - *പഞ്ചായത്തു ഡയറക്ടർ മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുമായി ചർച്ച ചെയ്ത് യൂണിറ്റ് കോസ്റ്റ് തീരുമാനിച്ച് അടുത്ത കോർഡിനേഷൻ കമ്മിറ്റിക്കു മുൻപ് റിപ്പോർട്ടു നൽകണം. പിന്നീട് തീരുമാനമെടുക്കും.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.42 തിരൂർ മുനിസിപ്പൽ ചെയർമാന്റെ 05.01.17 ലെ PW-24224/16-ാം നമ്പർ കത്തും 09.12.16 ലെ 14-ാം നമ്പർ തീരുമാനവും

**കെട്ടിടനിർമ്മാണ പ്രോജക്ടുകൾ FACT-RCF ബിൽഡിംഗ് പ്രോജക്ട് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏല്പിക്കുന്നതു സംബന്ധിച്ച്.**

***തീരുമാനം*** - *തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടതനുസരിച്ച് അനുമതി നൽകുന്നു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.43 പഞ്ചായത്ത് ഡയറക്ടറുടെ 15.12.2016-ലെ ജെ1-38859/16-ാം നമ്പർ കത്തും കാവാലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.09.2016-ലെ **PL-164(1) /16**-ാം നമ്പർ കത്തും 11.08.2016-ലെ 1(3), 1(4),1(5)-ാം നമ്പർ തീരുമാനവും
(i) **ഭിന്നശേഷിക്കാരുടെ കലാമേള നടത്തുന്നതിന് അനുമതി സംബന്ധിച്ച്**

***തീരുമാനം*** *അനുമതി നൽകുന്നു*
(ii) അശരണരായ വൃദ്ധജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന് അംഗനവാടി മുഖേന ആഴ്ചയിൽ 6 ദിവസം ടേക് ഹോം റേഷനായി പയർ, പരിപ്പ്, റാഗി, ശർക്കര, ഗോതമ്പ്, അരി എന്നിവ നൽകുന്നതിന് അനുമതി സംബന്ധിച്ച്

***തീരുമാനം*** : *അനുമതി നിരസിച്ചു.*

**(ii) സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ-ശുചിത്വ സംരക്ഷണത്തിനു വേണ്ടിയുള്ള പദ്ധതിയായ 'ജ്വാല'. എന്ന പ്രോജക്ടിന് അനുമതി സംബന്ധിച്ച്**

***തീരുമാനം***- *അനുമതി നൽകുന്നു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.44 <u>ഗ്രാമ വികസന കമ്മീഷണറുടെ 24.10.2016-ലെ സി.ആർ.ഡി./122/2016-ഡി.പി.2 നമ്പർ കത്തും ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.10.2015-ലെ VI -ാം നമ്പർ ഭരണ സമിതി തീരുമാനവും.</u>

**2011-12 വർഷം അങ്കണവാടികൾക്ക് ഫർണിച്ചർ ഉപകരണങ്ങൾ എന്ന പ്രോജടിൽ (പ്രോജ.നം.56/12 അടങ്കൽ - 4,22,500/- രൂപ) കുട്ടികൾക്ക് കുട നൽകുന്നതിന് 1,39,500/- രൂപ ചെലവഴിച്ചത് സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം കുറിപ്പ് എഴുതിയിരിക്കുന്നു. കുട നൽകിയ പ്രവൃത്തിക്ക് സാധൂകരണം സംബന്ധിച്ച്.**

***<u>തീരുമാനം</u>*** - *സാധൂകരണം നിരസിച്ചു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.45 <u>മാറാക്കര ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 03.12.2016-ലെ A3-6008/16-ാം നമ്പർ കത്തും 21.11.2016-ലെ 1(1)-ാം നമ്പർ ഭരണസമിതി തീരുമാനവും</u>

**സുകൃതം 2016 സമഗ്ര ആരോഗ്യ പരിപാടിയിൽ തിമിര നിർണ്ണയ ക്യാമ്പ്, കാൻസർ നിർണ്ണയ ക്യാമ്പ്, കിഡ്നി രോഗ നിർണ്ണയ ക്യാമ്പ്, പ്രതിരോധ കുത്തിവയ്പ്പ് എന്നിവയ്ക്കായുള്ള പ്രോജക്റ്റിന് അനുമതി സംബന്ധിച്ച്.**

**<u>തീരുമാനം -</u>** *ക്യാൻസർ നിർണ്ണയത്തിനുമാത്രം ക്യാമ്പ് നടത്താൻ അനുമതി നൽകുന്നു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

**3.46** <u>ബഹു. ആറ്റിങ്ങൽ എം.എൽ.എയുടെ 04.01.2017-ലെ 538/135/17-ാം നമ്പർ കത്തും കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 26.12.2016-ലെ കത്തും 23.08.2016-ലെ 1(4)-ാം നമ്പർ ഭരണസമിതി തീരുമാനവും</u>

**ബ്ലോക്ക് പഞ്ചായത്ത് കാർഷിക യന്ത്രങ്ങൾ വാങ്ങി കാർഷിക കർമ്മസേന മുഖേന കൃഷി ചെയ്യുന്ന പ്രോജക്റ്റിൽ ഗുണഭോക്തൃ വിഹിതം ഒഴിവാക്കുന്നത് സംബന്ധിച്ച്**

***<u>തീരുമാനം -</u>*** *അനുമതി നിരസിച്ചു.*

(നടപടി: തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

യോഗം ഉച്ചകഴിഞ്ഞ് 3.45 ന് അവസാനിച്ചു.